പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1471 **01-07-2026-ൽ മറുപടിയ്ക്ക്**

വരുമാന കമ്മിയും പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള സഹായങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കെ. സനോജ്
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി
ശ്രീ. ജി. സ്റ്റീഫൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തിന്റെ വരുമാന കമ്മി നിലവിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: എ.ജി യുടെ 2026 മെയ് മാസം വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ റവന്യൂ കമ്മി 8646.31 കോടി രൂപയാണ്.

(ബി) ചരക്ക് സേവന നികുതി നഷ്ടപരിഹാര ഇനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുവാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന – നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 -ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നത് പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം ആയത് അന്തിമമായി കണക്കാക്കുവാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് കോമ്പൻസേഷൻ ആയി 43,364.02 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ 2025-26 കാലയളവിൽ കോമ്പൻസേഷൻ ഇനത്തിൽ 421.55 കോടി രൂപ കൂടി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻ സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെ കണക്ക് ലഭ്യമാക്കാമോ;

മറുപടി: പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2021-2022 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ആകെ 17827.49 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം നികത്തുവാൻ മുൻ സർക്കാർ അനുവദിച്ച സാമ്പത്തിക സഹായം എത്രയാണെന്ന് വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ